# ജീവിത സാഫല്യത്തിന് അഞ്ച് നിർദേശങ്ങൾ

عَنْ أَبِي هُرَيْرَةَ رضي الله عنه، قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ يَأْخُذُ عَنِّي هَؤُلَاءِ الْكَلِمَاتِ فَيَعْمَلُ بِهِنَّ أَوْ يُعَلِّمُ مَنْ يَعْمَلُ بِهِنَّ؟ فَقَالَ أَبُو هُرَيْرَةَ: فَقُلْتُ: أَنَا يَا رَسُولَ اللَّهِ، فَأَخَذَ بِيَدِي فَعَدَّ خَمْسًا وَقَالَ: اتَّقِ الْمَحَارِمَ تَكُنْ أَعْبَدَ النَّاسِ، وَارْضَ بِمَا قَسَمَ اللَّهُ لَكَ تَكُنْ أَغْنَى النَّاسِ، وَأَحْسِنْ إِلَى جَارِكَ تَكُنْ مُؤْمِنًا، وَأَحِبَّ لِلنَّاسِ مَا تُحِبُّ لِنَفْسِكَ تَكُنْ مُسْلِمًا، وَلَا تُكْثِرِ الضَّحِكَ، فَأَنَّ كَثْرَةَ الضَّحِكِ تُمِيتُ الْقَلْبَ

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. ഒരിക്കൽ നബി(സ) അരുളി: 'ഇതാ ചില വചനങ്ങൾ; എന്നിൽ നിന്ന് അവ സ്വീകരിക്കാനും എന്നിട്ട് അവ പ്രാവർത്തികമാക്കാനും പ്രാവർത്തികമാക്കുന്നവരെ പഠിപ്പിക്കാനും തയാറുള്ളവരാരുണ്ട്?' (അബൂഹുറയ്റ പറയുന്നു) ഞാൻ പറഞ്ഞു: 'ഞാനുണ്ട് തിരുദൂതരേ.' അപ്പോൾ നബി(സ) എന്റെ കരംഗ്രഹിച്ചുകൊണ്ട് അഞ്ചുകാര്യങ്ങൾ എണ്ണിപ്പറഞ്ഞു: 'നിഷിദ്ധങ്ങളെ സൂക്ഷിക്കുക; നീ ജനങ്ങളിലെ ഏറ്റവും മികച്ച ആബിദ് (ആരാധകൻ) ആവും. അല്ലാഹു നിനക്ക് നിശ്ചയിച്ച വിഹിതം കൊണ്ട് തൃപ്തനാവുക; നീ ജനങ്ങളിലേറ്റവും ഐശ്വര്യവാനാവും. നിന്റെ അയൽക്കാർക്ക് നന്മ ചെയ്യുക; നീ സത്യവിശ്വാസിയാകും. നീ നിനക്ക് വേണ്ടി ആഗ്രഹിക്കുന്നത് ജനങ്ങൾക്ക് വേണ്ടിയും ആഗ്രഹിക്കുക; നീ മുസ്‌ലിമാവും. കൂടുതൽ ചിരിക്കാതിരിക്കുക; അമിതമായ ചിരി മനസ്സിനെ നിർജീവമാക്കും' (തിർമിദി, അഹ്മദ്).

നാം ജീവിതത്തിൽ ശ്രദ്ധിക്കേണ്ട സുപ്രധാനമായ അഞ്ച് കാര്യങ്ങളിലേക്കാണ് ഈ ഹദീസ് വിരൽ ചൂണ്ടുന്നത്. ഏറ്റവും മികച്ച ആബിദ് ആകാനുള്ള മാർഗമായി ഇവിടെ പ്രവാചകൻ പഠിപ്പിക്കുന്നത് നിഷിദ്ധമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക എന്നതാണ്. നമസ്കാരം, നോമ്പ്, ദിക്റുകൾ, പ്രാർഥനകൾ, ഖുർആൻ പാരായണം എന്നിവയിൽ മുഴുകി കഴിയുന്നവനെയാണ് സാധാരണയായി ആരാധനകളുടെ കാര്യത്തിൽ മാതൃകയായി ഉയർത്തിക്കാട്ടാറുള്ളത്. എന്നാൽ ജീവിതത്തിൽ പ്രസ്തുത ആരാധനകളുടെ ചൈതന്യം സൗരഭ്യം പരത്തുമ്പോഴാണ് അവ അർഥപൂർണമാവുന്നത്. തെറ്റുകളിൽ നിന്നും മ്ലേഛതകളിൽ നിന്നും വിട്ടുനിൽക്കുമ്പോഴാണ് നമസ്കാരം ലക്ഷ്യം നേടുന്നത്.

ആത്മസംതൃപ്തിയാണ് ഐശ്വര്യത്തിന്റെ നിദാനം. ധാരാളം സമ്പത്തുണ്ടായതുകൊണ്ട് ഐശ്വര്യം ഉണ്ടാവണമെന്നില്ല. അതിനാൽ 'എനിക്കെന്തുകൊണ്ട് മറ്റുള്ളവരെപ്പോലെ സമ്പത്തുണ്ടായില്ല' എന്ന് ചിന്തിച്ച് വേവലാതിപ്പെടാതെ അല്ലാഹു നൽകിയതിൽ തൃപ്തിപ്പെടുക. നിഷ്ക്രിയനായിരിക്കണമെന്നല്ല ഇതിന്റെ അർഥം. നാം പരമാവധി അധ്വാനിക്കണം. ഒരുപാട് കഷ്ടപ്പെട്ടിട്ടും കാര്യമായിട്ടൊന്നും സമ്പാദിക്കാൻ കഴിയുന്നില്ലല്ലോ എന്ന ആധിയാണ് പലർക്കും. അത് നിരാശയിലേക്കും പാപങ്ങളിലേക്കും വരെ നയിച്ചേക്കാം. അതേസമയം, നമുക്ക് അല്ലാഹു വിധിച്ചത് ഇത്രയായിരിക്കാം എന്ന് സമാധാനിച്ച് കഴിയുമ്പോൾ തെറ്റായ ധനാഗമന മാർഗങ്ങളെ കുറിച്ച് ചിന്തിക്കാനോ മാന്യത കളങ്കപ്പെടാനോ ഇടയാവുകയില്ല. നബി(സ) പറഞ്ഞു: 'സമ്പൽസമൃദ്ധി മൂലം ഉണ്ടാകുന്നതല്ല ഐശ്വര്യം. മറിച്ച്, മാനസികൈശ്വര്യമാണ് യഥാർഥ ഐശ്വര്യം' (ബുഖാരി, മുസ്‌ലിം). അങ്ങനെ ഔന്നത്യം പ്രാപിക്കുന്ന മനസ്സ്, വ്യാമോഹത്താൽ ദരിദ്രമനസ്കരായ സമ്പന്നരേക്കാൾ വിശുദ്ധിയും പ്രതാപവും കരസ്ഥമാക്കുന്നു.

അയൽവാസികളോടുള്ള ഉദാരമായ സമീപനമാണ് മൂന്നാമതായി പറയുന്നത്. ഒരു മുഅ്മിനാവണമെങ്കിൽ അയൽവാസിയോടുള്ള സൽപെരുമാറ്റം അനിവാര്യമാണ്. നമ്മുടെ വീടിന്റെ സമീപത്ത് താമസിക്കുന്നവർ മാത്രമല്ല സഹപാഠികൾ, സഹയാത്രികർ, സഹപ്രവർത്തകർ തുടങ്ങി നാം പതിവായി ബന്ധപ്പെടുന്നവർ വരെ അയൽക്കാർ എന്നതിന്റെ വിശാലാശയത്തിൽ ഉൾപെടും. ഒരുവന്റെ അയൽവാസി മുസ്‌ലിമാണെങ്കിൽ അവന് യാതൊന്നും ഭയപ്പെടേണ്ടി വരാത്ത അവസ്ഥയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്.

നാലാമതായി പറയുന്നത്, സ്വാർഥത കൈവെടിയണമെന്നാണ്. ഒരു മുസ്‌ലിം ശഹാദത്ത് കലിമ ഉച്ചരിച്ച് ഏതാനും ആരാധനകൾ നിർവഹിച്ചാൽ മാത്രം പോര; മനുഷ്യർക്ക് മുഴുവൻ ഗുണം കാംക്ഷിക്കുന്നവൻ കൂടിയാവണം. തനിക്ക് ഉണ്ടാവണമെന്ന് ആഗ്രഹിക്കുന്നത് തന്റെ സഹോദരനും ഉണ്ടാവണമെന്ന് ആഗ്രഹിക്കുവോളം ഒരാളും സത്യവിശ്വാസിയാവുകയില്ലെന്ന് നബി(സ) പഠിപ്പിക്കുന്നു. എപ്പോഴും സ്വന്തം നേട്ടങ്ങളും ഗുണങ്ങളും മാത്രം സ്വപ്നം കാണുകയും ലക്ഷ്യം വെക്കുകയും മറ്റുള്ളവർക്ക് ഒന്നും വിട്ടുകൊടുക്കാൻ തയാറാവാതിരിക്കുകയും ചെയ്യുക ഒരു മുസ്‌ലിമിന് ചേർന്നതല്ല. തനിക്ക് ആവശ്യമുണ്ടായിരിക്കെ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നത് ഈ ഗുണകാംക്ഷയുടെ ഉത്തുംഗതയാണ്.

ചിരിക്കുടുക്കയാവരുതെന്നാണ് അഞ്ചാമത്തെ നിർദേശം. ഉചിതമായ സമയങ്ങളിൽ ആവശ്യമായ അളവിൽ മാത്രമേ ചിരിക്കാവൂ. ചിരി അമിതമായാൽ അത് മനസ്സിന്റെ ചൈതന്യം കെടുത്തി മനുഷ്യനെ ഭക്തിരഹിതനും ചിന്താശൂന്യനുമാക്കും. ജീവിതത്തെ സംബന്ധിച്ച ശരിയായ വീക്ഷണവും അവബോധവുമാണ് മനസ്സിന്റെ ജീവൻ. ഗൗരവപൂർണമായ ആലോചനയും മനനവുമാണ് മനസ്സിന്റെ ചൈതന്യം നിലനിർത്താനും പോഷിപ്പിക്കാനുമുള്ള മാർഗങ്ങൾ. എന്നാൽ കളിയും ചിരിയും തമാശകളും അധികമായാൽ ചിന്ത മരവിക്കും. അങ്ങനെ മനസ്സ് നിർജീവമാകും. അത് ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽ പിഴവ് സംഭവിക്കാനും ജീവിതം പരാജയത്തിൽ കലാശിക്കാനും ഇടവരുത്തും. ■